പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം<br>നം. 5624 | 02.07.2014- ൽ മറുപടിക്ക് |

## സുരക്ഷിത ഭക്ഷണ മേഖല ഉറപ്പാക്കുന്നതിനുള്ള പദ്ധതികൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. വി. റ്റി. ബൽറാം<br>" എ. പി. അബ്ദുള്ളക്കുട്ടി<br>" എം. എ. വാഹീദ്<br>" കെ. മുരളീധരൻ | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് സുരക്ഷിത ഭക്ഷണ മേഖലകൾ ഉറപ്പാക്കാൻ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | എ) | ഭക്ഷ്യസുരക്ഷാ വകുപ്പ് സംസ്ഥാനത്ത് സുരക്ഷിത ഭക്ഷണ മേഖലകൾ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ഈ പദ്ധതി ഗവൺമെന്റിന്റെ മിഷൻ 676 പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിനു വേണ്ടി 2014-15 ബഡ്ജറ്റിൽ 15 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതി മിഷൻ 676 ന്റെ ആദ്യ നൂറു ദിവസങ്ങൾക്കുള്ളിൽ ആരംഭിക്കുന്നതാണ്. |
| ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | ബി) | വഴിയോരങ്ങളിലും തുറസ്സായ സ്ഥലങ്ങളിലും അനാരോഗ്യകരമായ സാഹചര്യങ്ങളിൽ ഭക്ഷണം വിൽക്കുന്ന തട്ടുകടകൾ, വഴിയോരക്കടകൾ എന്നിവയെ പൊതുജനങ്ങൾ കൂടുതൽ ആശ്രയിക്കുന്നു. എന്നുള്ളത് പരിഗണിച്ച് സംസ്ഥാനത്ത് "സുരക്ഷിത ഭക്ഷണമേഖലകൾ" ഉണ്ടാക്കുന്ന പദ്ധതിയുടെ തുടക്കം എന്ന നിലയിൽ പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ മെഡിക്കൽ കോളേജ് ആശുപത്രിയുടെ പരിസരം, നെയ്യാറ്റിൻകര ജില്ലാ ആശുപത്രിയുടെ പരിസരം ചിറയിൻകീഴ് താലൂക്ക് ആശുപത്രിയുടെ പരിസരം തുടങ്ങിയ സ്ഥലങ്ങളിൽ പാചകം ചെയ്ത ഭക്ഷണസാധനങ്ങൾ വിൽക്കുന്നതിന് ശുചിത്വവും വൃത്തിയും ഉള്ള സ്ഥലങ്ങൾ കണ്ടെത്തി ആരോഗ്യകരമായ രീതിയിൽ ഭക്ഷണസാധനങ്ങൾ വിൽക്കുന്നതിനുള്ള സുരക്ഷിതഭക്ഷണമേഖലകൾ നടപ്പാക്കുകയാണ് പദ്ധതിയുടെ ഉദ്ദേശലക്ഷ്യം |
| സി) | ആരെല്ലാമാണ് പദ്ധതിയുടെ പ്രവർത്തനവുമായി സഹകരിക്കുന്നത്; വിശദമാക്കുമോ; | സി) | ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നേതൃത്വത്തിലാണ് പദ്ധതി പ്രവർത്തനം തുടരുന്നത്. |

| | | | |
|---|---|---|---|
| ഡി) | പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ<br><br>സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | ഡി) | സുരക്ഷിത ഭക്ഷണ മേഖലകളായി തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിലെ വഴിയോര വ്യാപാരികളുടെ സർവേ ഇതിനകം<br><br>പൂർത്തീകരിച്ചിട്ടുണ്ട് കൂടാതെ പുനസ്ഥാപിക്കപ്പെടുന്ന വ്യാപാരികൾക്ക് നൽകുവാനുദ്ദേശിക്കുന്ന മാതൃക സ്റ്റാളുകൾ സംബന്ധിച്ച പ്രാരംഭ ചർച്ച<br><br>സിഡ്കോയുമായി ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**